2026
AUGUST
13
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാനിരക്ക് നിയന്ത്രിക്കാൻ നിർണായക നീക്കവുമായി കേന്ദ്രം

**ന്യൂദൽഹി:** സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാനിരക്ക് നിയന്ത്രിക്കാൻ നിർണായക നീക്കവുമായി പാർലമെന്ററി സമിതി. ആശുപ്രതികളിലെ മുറി വാടക നിരക്കിൽ അടിയന്തരമായി നിയന്ത്രണം കൊണ്ടുവരാനും ബില്ലിങ്ങിൽ സുതാര്യത വരുത്താനും ശുപാർശ. രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനു മുൻപ് ചികിത്സാ നിരക്കുകൾ ആശുപത്രികൾ വെളിപ്പെടുത്തണം. ചില ആശുപത്രികൾ ചികിത്സയ്ക്ക് അമിത നിരക്കുകളാണ് ഈടാക്കുന്നത്. ഇതു പലപ്പോഴും ആശുപത്രികളും ഇൻഷുറൻസ് കമ്പനികളും തമ്മിലുള്ള തർക്കത്തിലേക്ക് വഴിവക്കും. രോഗികൾക്ക് ഇൻഷുറൻസ് പരിരക്ഷ



വൈകാനും ഇടയാക്കും. ഇക്കാര്യങ്ങൾ പരിശോധിക്കാൻ അതിവേഗ ഓംബുഡ്സ്മാൻ സംവിധാനം വേണമെന്നും ആരോഗ്യ, കുടുംബകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ ശുപാർശ. രാജ്യത്തെ സ്വകാര്യ ആശുപത്രികൾ പല രീതിയിലാണ് മുറിവാടക ഈടാക്കുന്നതെന്ന് പാർലമെന്റിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ഒരേ മേഖലയിലുള്ള ആശുപത്രികളിൽ പോലും വ്യത്യസ്ത നിരക്കുകളാണ്. ഇക്കാര്യത്തിൽ അടിയന്തരമായി മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണ്. സമീപത്തുള്ള ത്രീ സ്റ്റാർ ഹോട്ടലുകളേക്കാൾ കൂടുതൽ മുറിവാടക ആശുപത്രികൾ ഈടാക്കാൻ പാടില്ലെന്നും സമിതി സർക്കാരിനോട് ശുപാർശ ചെയ്തു. മെട്രോപൊളിറ്റൻ നഗരങ്ങളിലെ ആശുപത്രികളിൽ ഇത് അടിന്തരമായി നടപ്പിലാക്കണം. എന്നാൽ ഡോക്ടർ, നഴ്സിങ് ചാർജ്, ഭക്ഷണം, ലോൺഡ്രി തുടങ്ങിയ ചെലവുകൾ ആശുപത്രികൾക്ക് വേറെ ഈടാക്കാവുന്നതാണ്.

രാജ്യത്തെ പല നഗരങ്ങളിലും ഹോട്ടൽ മുറികളേക്കാൾ വാടക ആശുപത്രികളിൽ ഈടാക്കുന്നതായി കണ്ടെത്തിയതിനെ തുടർന്നാണ് നടപടിയെന്നും സമിതി പറയുന്നു. ഉദാഹരണത്തിന് മുംബൈയിലെ ഒരു പ്രമുഖ ആശുപത്രിയിൽ 600012,000 രൂപ വരെയാണ് സിംഗിൾ മുറിയ്ക്ക് ഈടാക്കുന്നത്. ഈ മേഖലയിൽ ത്രീസ്റ്റാർ ഹോട്ടലിന് 25004500 രൂപ നൽകിയാൽ മതിയാകുമെന്നും റിപ്പോർട്ടിൽ പറയുന്നു. രാജ്യത്തെ ആരോഗ്യ മേഖലയിലെ വാർഷിക പണപ്പെരുപ്പം 1013 ശതമാനമായത് രോഗികളിലും ഇൻഷുറൻസ് കമ്പനികളെയും സമ്മർദത്തിലാക്കുന്നതായും സമിതി ചൂണ്ടിക്കാട്ടി.സ്വകാര്യസർക്കാർ ആശുപത്രികളിലെ ചികിത്സാ നിരക്കിൽ വലിയ അന്തരമുണ്ടെന്നും സമിതിയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## കേരളം ബിൽ ലോക്സഭ പാസാക്കി

**ന്യൂദൽഹി:** സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്ന ബിൽ ചർച്ചയില്ലാതെ നാല് മിനിറ്റുകൊണ്ട് പാസാക്കി. കടുത്ത പ്രതിപക്ഷ പ്രതിഷേധത്തിന് ഇടയിലാണ് ബിൽ ലോക്സഭ പാസാക്കിയത്. രാജ്യസഭകൂടി പാസാക്കിയാൽ ബിൽ നിയമമാകും. പ്രതിപക്ഷത്തുനിന്ന് കെ.സി.വേണുഗോപാൽ അടക്കമുള്ള അംഗങ്ങൾ ബില്ലിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താത്തതിൽ തനിക്ക് ദുഃഖമുണ്ടെന്ന് മന്ത്രി കിരൺ റിജിജു പറഞ്ഞു.

സംസ്ഥാനത്തിന്റെ ഔദ്യോഗിക പേര് കേരള എന്നതു മാറ്റി കേരളം എന്നാക്കുന്നതാണ് ബിൽ. ഇരുസഭകളും ബിൽ പാസാക്കിയശേഷം വീണ്ടും രാഷ്ട്രപതിയുടെ അന്തിമാനുമതിക്കായി അയയ്ക്കും. ഇതിൽ രാഷ്ട്രപതി ഒപ്പുവയ്ക്കുന്നതോടെ ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കും.



## അബുദാബിക്ക് പിന്നാലെ ദുബായിയും: ആനുകൂല്യങ്ങൾ പ്രഖ്യാപിച്ച് എമിറേറ്റ്സും

**ദുബായ്:** യുഎഇ സന്ദർശിക്കുന്നവർക്കും വിമാന യാത്രികർക്കും മൽസരിച്ച് ആനുകൂല്യങ്ങൾ നൽകി ദുബായിയും അബുദാബിയും. യുഎഇ സന്ദർശകർക്ക് സൗജന്യ വീസ നൽകുമെന്ന് അബുദാബി പ്രഖ്യാപിച്ചതിനു പിന്നാലെ യാത്രക്കാർക്ക് ടിക്കറ്റ് ബുക്കിങ്ങിൽ ഒരുപിടി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിരിക്കുകയാണ് ദുബായിയുടെ ദേശീയ വിമാന കമ്പനിയായ എമിറേറ്റ്സ്. ദുബായിലേക്കുള്ള എമിറേറ്റ്സ് വിമാനത്തിൽ എത്ര തവണ വേണമെങ്കിലും സൗജന്യമായി യാത്രാ തീയതി മാറ്റാമെന്നതാണ് പ്രധാന ഓഫർ. ഈ ആനുകൂല്യം ഇക്കണോമിയിലെ സേവർ, ഫ്ലെക്സ് ടിക്കറ്റുകൾക്കും ബിസിനസ് ക്ലാസിലെ സ്പെഷൽ, സേവർ, ഫ്ലെക്സ് ടിക്കറ്റുകൾക്കും ബാധകമാണ്. ഇക്കണോമി ഫ്ലെക്സ് പ്ലസ്, പ്രീമിയം ഇക്കണോമി, ബിസിനസ് ഫ്ലെക്സ് പ്ലസ്, ഫസ്റ്റ് ക്ലാസ് ടിക്കറ്റുകാർക്ക് നേരത്തെ തന്നെ ഈ ആനുകൂല്യം അവരുടെ ടിക്കറ്റിനൊപ്പം ലഭ്യമാണ്. ഈ സൗകര്യം മറ്റു ക്ലാസുകാർക്കും ബാധകമാക്കി.

റദ്ദാക്കുന്ന ടിക്കറ്റുകളുടെ റീഫണ്ട് ഫീസിലും ഇളവുണ്ട്. ഇക്കണോമി സേവർ ടിക്കറ്റിന്റെ റീഫണ്ട് ഫീസ് 50 ഡോളറും ഫ്ലെക്സ് ടിക്കറ്റിന്റെ റീഫണ്ട് ഫീസ് 25 ഡോളറുമാക്കി. ബിസിനസ് ക്ലാസിൽ സ്പെഷൽ, സേവർ ടിക്കറ്റുകൾക്ക് 50 ഡോളറും ഫ്ലെക്സിന് 25 ഡോളറുമാണ് റീഫണ്ട് ഫീസ്. പുതിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചതോടെ യാത്രക്കാർക്ക് അവരുടെ ടിക്കറ്റുകളിൽ മാറ്റം വരുത്താൻ കൂടുതൽ സൗകര്യമായി.

ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് എമിറേറ്റ്സിൽ യാത്ര ചെയ്യുന്നവർക്ക് ഒരു തവണ സൗജന്യമായി ഡേറ്റ് മാറ്റാനുള്ള അവസരം കമ്പനി നൽകിയിട്ടുണ്ട്. 24 മണിക്കൂർ വരെ ടിക്കറ്റ് നിരക്ക് പിടിച്ചു വയ്ക്കുന്നതിനും യാത്രക്കാർക്ക് അവസരമുണ്ട്. നിലവിലെ ടിക്കറ്റ് റേറ്റ് മാറുമോ എന്ന് സംശയമുള്ളവർക്ക് 24 മണിക്കൂർ കാത്തിരുന്ന ശേഷം ബുക്ക് ചെയ്താൽ മതി. അതിനുള്ളിൽ നിരക്ക് കുറഞ്ഞാൽ, പുതിയ നിരക്കിലും കൂടിയാൽ പിടിച്ചു വച്ച നിരക്കിലും ടിക്കറ്റ് ബുക്ക് ചെയ്യാം.

യാത്രക്കാർക്ക് സമഗ്ര ട്രാവൽ ഇൻഷുറൻസും എമിറേറ്റ്സ് ഉറപ്പാക്കുന്നു. മേഖലയിലെ സംഘർഷവുമായി ബന്ധപ്പെട്ട് ആശുപത്രി വാസം വേണ്ടി വന്നാൽ യാത്രക്കാർക്ക് 25000 ഡോളർ വരെ ചികിത്സാ ചെലവ് നൽകും. സംഘർഷത്തെ തുടർന്ന് യാത്ര മുടങ്ങിയാൽ സൗജന്യമായി 30 ദിവസത്തേക്കു യാത്ര നീട്ടി വയ്ക്കാനും സാധിക്കും. ബാഗേജ് നഷ്ടപ്പെടുക, ഫ്ലൈറ്റ് റദ്ദാക്കുക എന്നിവയ്ക്കും പരിരക്ഷ ലഭിക്കും. സമഗ്ര ഇൻഷുറൻസ് പരിരക്ഷ ടിക്കറ്റിനൊപ്പം വാങ്ങാവുന്നതാണ്. വിമാനം റദ്ദാക്കിയതു മൂലം യാത്ര മുടങ്ങുന്നവർക്ക് താമസ സൗകര്യം കമ്പനി നൽകും. മറ്റു കമ്പനികളുടെ കണക്ഷൻ ഫ്ലൈറ്റ് മുടങ്ങുകയോ, എമിറേറ്റ്സ് വിമാനം മുടങ്ങുകയോ ചെയ്യുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് സൗജന്യമായി അവരുടെ അന്തിമ ലക്ഷ്യ സ്ഥാനം വരെയുള്ള ടിക്കറ്റുകൾ മാറ്റി ബുക്ക് ചെയ്യാം. സ്കൈവാർഡ് അംഗങ്ങൾക്ക് അധിക ആനുകൂല്യങ്ങളുമുണ്ട്.



## അറിയിപ്പുകൾ

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത, ശിശു വികസന വകുപ്പിന്റെ കീഴിൽ കോതമംഗലം ഐ.സി.ഡി.എസ് പരിധിയിൽ കോതമംഗലം നഗരസഭയിലെ 31 അങ്കണവാടികളിൽ 2026-27 സാമ്പത്തിക വർഷം 2027 മാർച്ച് 31 വരെ മുട്ട വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയതി 2026 ഓഗസ്റ്റ് 15 വൈകുന്നേരം 2.00 മണി വരെ. ടെണ്ടർ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കോതമംഗലം ഐ.സി.ഡി.എസ് പ്രൊജക്ട് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് കോതമംഗലം പി.ഒ. എന്ന മേൽവിലാസത്തിൽ പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ബന്ധപ്പെടാം. ഫോൺ: 04852822372.

**കൊച്ചി:** കോതമംഗലം ഐസിഡിഎസ് നു കീഴിൽ പിണ്ടിമന പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 16 അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്നതിന് ഒരു ലിറ്റർ പാലിന് വാഹന കൂലി ഉൾപ്പെടെ പരമാവധി 64/ രൂപ എന്ന നിരക്കിൽ ആഴ്ചയിൽ 3 ദിവസം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ പാൽ എത്തിച്ചു നൽകുന്നതിന് പ്രാദേശിക ക്ഷീര സൊസൈറ്റികൾ / ക്ഷീര കർഷകർ / മറ്റു പ്രദേശിക പാൽ വിതരണ സംവിധാനങ്ങൾ / മിൽമ / പാൽ /കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി ആഗസ്റ്റ് 15 പകൽ രണ്ട് മണി. ഫോൺ: 9400495839

**കൊച്ചി:** കോതമംഗലം കോട്ടപ്പടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 16 അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് മുട്ട വിതരണം ചെയ്യുന്നതിന് വാഹനകൂലി ഉൾപ്പെടെ ഒരു മുട്ടയ്ക്ക് 10 രൂപ എന്ന നിരക്കിൽ ആഴ്ചയിൽ 3 ദിവസം ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ വിതരണം ചെയ്യാനുള്ള മുട്ട ആഴചയിൽ ഒരു ദിവസം അങ്കണവാടിയിൽ എത്തിച്ചു നൽകുന്നതിന് കെപ്കോ, കുടുംബ്രശീ സംരംഭകർ, മറ്റു പ്രാദേശിക മുട്ട വിതരണക്കാർ എന്നിവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു.

മുട്ടയ്ക്ക് 10 ദിവസത്തിലധികം പഴക്കം പാടുള്ളതല്ല. കേടായ മുട്ടയുടെ വില നൽകുന്നതല്ല. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി ആഗസ്റ്റ് 15 പകൽ രണ്ട് മണി. വിലാസം: ഐസിഡിഎസ് സൂപ്പർവൈസർ, കോട്ടപ്പടി പഞ്ചായത്ത്, മൊബൈൽ: 9400495839.

**കൊച്ചി:** കോതമംഗലം ഐസിഡിഎസിനു കീഴിൽ കോട്ടപ്പടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 15 അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്നതിന് ഒരു ലിറ്റർ പാലിന് വാഹനകുലി ഉൾപ്പെടെ പരമാവധി 64 രൂപ നിരക്കിൽ ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ബുധൻ, വെള്ളി) പാൽ എത്തിച്ചു നൽകുന്നതിന് പ്രാദേശിക ക്ഷീര സൊസൈറ്റികൾ / ക്ഷീര കർഷകർ / മറ്റു പ്രദേശിക പാൽ വിതരണ സംവിധാനങ്ങൾ / മിൽമ / പാൽ /കുടുംബശ്രീ സംരംഭകർ എന്നിവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി ആഗസ്റ്റ് 15 പകൽ രണ്ട് മണി. വിലാസം: ഐസിഡിഎസ് സൂപ്പർവൈസർ, കോട്ടപ്പടി പഞ്ചായത്ത്. മൊബൈൽ: 8137873813

**കൊച്ചി:** കോതമംഗലം ഐ സി ഡി എസ് നെല്ലിക്കുഴി പഞ്ചായത്തിലെ 36 അങ്കണവാടികളിൽ മുട്ട, പാൽ എന്നിവ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി: ഓഗസ്റ്റ് 15 പകൽ രണ്ടു മണി. ടെൻഡർ ഫോമിനും വിശദവിവരങ്ങൾക്കും കോതമംഗലം ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് , കോതമംഗലം പി ഒ എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ 0485 2822372.

**കൊച്ചി:** കോതമംഗലം ഐ സി ഡി എസ് കുട്ടമ്പുഴ പഞ്ചായത്തിലെ 32 അങ്കണവാടികളിൽ മുട്ട, പാൽ എന്നിവ വിതരണം ചെയ്യുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി: ഓഗസ്റ്റ് 15 പകൽ രണ്ടു മണി. ടെൻഡർ ഫോമിനും വിശദവിവരങ്ങൾക്കും കോതമംഗലം ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ട് , കോതമംഗലം പി ഒ എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ 0485 2822372.

**കൊച്ചി:** പള്ളുരുത്തി ഐസിഡിഎസ് പ്രോജക്ടിനു പരിധിയിലുള്ള കുമ്പളങ്ങി, ചെല്ലാനം, കുമ്പളം പഞ്ചായത്തുകളിലെ അങ്കണവാടി കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി അങ്കണവാടികളിൽ ആഴ്ചയിൽ മൂന്നു ദിവസം പാലും മൂന്നു ദിവസം മുട്ടയും വിതരണം ചെയ്യുന്നതിനായി വ്യക്തികൾ, കുടുംബശ്രീ സംരഭകർ,മറ്റ് സ്ഥാപനങ്ങളിൽ നിന്നും വെവ്വേറെ മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തിയതി: ആഗസ്റ്റ് 17 പകൽ 2 മണി. ഫോൺ: 9995583553

# ദേശീയ സാമ്പത്തിക സാക്ഷരതാ ക്വിസിൽ കുസാറ്റ് ടീമിന് മൂന്നാം സ്ഥാനം

**കൊച്ചി:** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്യൂരിറ്റീസ് മാർക്കറ്റ്സും (എൻഐഎസ്എം) സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യയും (സെബി) സംയുക്തമായി സംഘടിപ്പിച്ച നാഷണൽ ഫിനാൻഷ്യൽ ലിറ്ററസി ക്വിസ് (എൻഎഫ്എൽക്യൂ) 2026ന്റെ ദക്ഷിണ മേഖലാ റൗണ്ട് ബിരുദാനന്തര വിഭാഗത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് മൂന്നാം സ്ഥാനം നേടി. കൊച്ചിൻ യൂണിവേഴ്സിറ്റി ടീം ദേശീയ റൗണ്ടിലേക്കും യോഗ്യത നേടി.

ഓഗസ്റ്റ് 8, 9 തീയതികളിൽ ബെംഗളൂരുവിലെ ആർഎൻഎസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലായിരുന്നു ദക്ഷിണ മേഖലാ റൗണ്ട്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, തെലങ്കാന, പുതുച്ചേരി എന്നിവിടങ്ങളിൽ നിന്നുള്ള ബിരുദ, ബിരുദാനന്തര വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തു. സാമ്പത്തിക വിപണികൾ, നിക്ഷേപ തത്വങ്ങൾ, നിക്ഷേപക സംരക്ഷണം, ഉത്തരവാദിത്തപരമായ സാമ്പത്തിക പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് ക്വിസിൽ ഉൾപ്പെട്ടത്.

രാജ്യവ്യാപകമായി കോളേജ്, ഓൺലൈൻ യോഗ്യതാ റൗണ്ടുകളിലായി നാല് ലക്ഷത്തിലധികം വിദ്യാർഥികൾ എൻഎഫ്എൽക്യൂ 2026ൽ പങ്കെടുത്തു. ദക്ഷിണ മേഖലയിൽ നിന്ന് ദേശീയ റൗണ്ടിലേക്ക് യോഗ്യത നേടിയ 12 ബിരുദാനന്തര സ്ഥാപനങ്ങളിൽ കുസാറ്റിലെ സെന്റർ ഫോർ ബജറ്റ് സ്റ്റഡീസും ഉൾപ്പെടുന്നു. നവംബറിൽ മഹാരാഷ്ട്രയിലെ പാതൽഗംഗയിലുള്ള എൻഐഎസ്എം ക്യാമ്പസിലാണ് ദേശീയ ഫൈനൽ നടക്കുക.



മനുഷ്യാവകാശവും സാമൂഹിക നയങ്ങളും' എന്ന വിഷയത്തിൽ നടന്ന അന്താരാഷ്ട്ര അക്കാദമിക് സെഷനിൽ പ്രൊഫ. ജോസഫ് എം. വ്രോങ്ക സംസാരിക്കുന്നു. എസ്.ഐ.ആർ.പി ഡയറക്ടർ പ്രൊഫ. സി. വിനോദൻ സമീപം.

# മനുഷ്യാവകാശവും സാമൂഹിക നയങ്ങളും: എം.ജി.യു.വിൽ അന്താരാഷ്ട്ര അക്കാദമിക് സെഷൻ

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ് (എസ്.ഐ.ആർ.പി.), യു.എസ്. ഇന്ത്യ എജ്യുക്കേഷണൽ ഫൗണ്ടേഷന്റെ സഹകരണത്തോടെ 'മനുഷ്യാവകാശവും സാമൂഹിക നയങ്ങളും' എന്ന വിഷയത്തിൽ അന്താരാഷ്ട്ര അക്കാദമിക് സെഷൻ സംഘടിപ്പിച്ചു. ഫ്രീഡം 250 പദ്ധതിയുടെ ഭാഗമായി നടന്ന പരിപാടിയിൽ വിദ്യാർഥികളും ഗവേഷകരും അധ്യാപകരും പങ്കെടുത്തു. നാലുതവണ ഫുൾബ്രൈറ്റ് സ്കോളർഷിപ്പ് നേടിയ പ്രൊഫ. ജോസഫ് എം. വ്രോങ്ക മുഖ്യപ്രഭാഷണം നടത്തി. ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭയുടെ പ്രതിനിധിയും ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് സ്കൂൾസ് ഓഫ് സോഷ്യൽ വർക്കിലെ പ്രൊഫസറും അമേരിക്കയിലെ സ്പ്രിംഗ്ഫീൽഡ് കോളേജിലെ പ്രൊഫസർ എമിററ്റസുമാണ് അദ്ദേഹം.

ഇന്ത്യയുടെയും അമേരിക്കയുടെയും അനുഭവങ്ങൾ താരതമ്യപ്പെടുത്തിക്കൊണ്ട് മനുഷ്യാവകാശം, സാമൂഹിക നീതി, സാമൂഹിക നയങ്ങൾ എന്നിവയുടെ പരസ്പരബന്ധം പ്രൊഫ. വ്രോങ്ക വിശദീകരിച്ചു. മനുഷ്യാവകാശ സംരക്ഷണത്തിനും സാമൂഹിക നീതിക്കും ആഗോള കാഴ്ചപ്പാടും പ്രാദേശിക പ്രവർത്തനവുമാണ് അനിവാര്യമെന്ന് അദ്ദേഹം പറഞ്ഞു. ഗ്ലോബൽ സിറ്റിസൻഷിപ്പ് വളർത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. എസ്.ഐ.ആർ.പി ഡയറക്ടർ പ്രൊഫ. സി. വിനോദൻ അധ്യക്ഷത വഹിച്ചു. മനുഷ്യാവകാശം, സാമൂഹിക നീതി, നയരൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ അക്കാദമിക് സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എസ്.ഐ.ആർ.പി. സംഘടിപ്പിക്കുന്ന പ്രഭാഷണപരമ്പരയുടെ ഭാഗമായാണ് ഈ സെഷൻ നടത്തിയത്.

# ഗാർഹിക എൽപിജി ബുക്കിംഗ് കാലയളവ് കുറയ്ക്കണം: മന്ത്രി അനൂപ് ജേക്കബ്

**തിരുവനന്തപുരം:** ഓണക്കാലത്ത് ഗാർഹിക പാചക വാതക വിതരണത്തിനുള്ള കാത്തിരിപ്പ് കാലയളവ് കുറയ്ക്കണമെന്ന് അഭ്യർഥിച്ച് സംസ്ഥാന ഭക്ഷ്യസിവിൽ സപ്ളൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, കേന്ദ്ര പെട്രോളിയംപ്രകൃതിവാതക വകുപ്പ് മന്ത്രി ഹർദീപ് സിംഗ് പുരിയ്ക്ക് കത്തയച്ചു. നിലവിൽ, ഗാർഹിക ഇന്ധനം ബുക്കിംഗിനുള്ള കാത്തിരിപ്പ് കാലയളവ് നഗരപ്രദേശത്ത് 25 ദിവസവും ഗ്രാമങ്ങളിൽ 45 ദിവസവുമാണ്. ഓണക്കാലത്ത് അധിക ആവശ്യകതയുള്ളതിനാൽ, ഈ സമയവ്യത്യാസം കുടുംബങ്ങളെ പ്രതികൂലമായി ബാധിക്കും. അതിനാൽ, എൽപിജി ക്ഷാമം ഒഴിവാക്കാൻ, സംസ്ഥാനത്ത് ഗ്യാസ് റീഫിൽ ബുക്കിംഗിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ ഉടനടി പിൻവലിക്കണമെന്നും അഭ്യർഥിച്ചിട്ടുണ്ട്. സാധാരണ ഉപയോഗ പരിധിക്കപ്പുറം എൽപിജി ലഭ്യത ഏറ്റവും ആവശ്യമുള്ള ഉത്സവ സീസണിൽ വീടുകളിൽ ശരാശരി ഉപഭോഗത്തേക്കാൾ കൂടുതൽ പാചക വാതകം ആവശ്യമാണ്. വിനോദസഞ്ചാരികൾ മാത്രമല്ല, പ്രിയപ്പെട്ടവർക്കൊപ്പം ഉത്സവകാലം ചെലവഴിക്കാൻ ദൂരെ നിന്നുപോലും എത്തുന്ന വേളയാണിതെന്നും കത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡിപ്ലോമ

കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പി ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത +2), ആറ് മാസം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ/റെഗുലർ/പാർട്ടൈം ബാച്ചുകൾ, മികച്ച ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് : 7994449314

## കാവ് പുനരുദ്ധാരണ പദ്ധതി

എറണാകുളം ജില്ലയിലെ കാവുകൾ സംരക്ഷിക്കുന്നതിനായി കാവുകളുടെ ഉടമസ്ഥരിൽ നിന്നും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകൾ ക്ഷണിച്ചു. ജില്ലയിലെ തെരഞ്ഞെടുക്കുന്ന കാവുകൾക്കാണ് ധനസഹായം നൽകുന്നത്. മുൻവർഷങ്ങളിൽ സഹായധനം ലഭിച്ചിട്ടുളളവർ അപേക്ഷിക്കേണ്ടതില്ല. ഈ പദ്ധതിയുടെ കീഴിൽ ജൈവവൈവിധ്യ സംരക്ഷണം, ഗവേഷണം, അപൂർവ്വ തദ്ദേശീയ ഇനം സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, കുളങ്ങൾ ശുദ്ധീകരിക്കൽ, ജന്തു ജീവികളെ സംരക്ഷിക്കൽ, ജൈവവേലി നിർമ്മാണം തുടങ്ങിയ പ്രവർത്തന ങ്ങൾക്കാണ് ധന സഹായം നൽകുന്നത്. താത്പര്യമുള്ള വ്യക്തികൾ സെപ്റ്റംബർ 10ന് മുൻപായി എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# ആരോഗ്യ പരിപാലനം യുവജനതയുടെ പ്രധാന ലക്ഷ്യമാകണം: മന്ത്രി കെ മുരളീധരൻ

**തിരുവനന്തപുരം:** ആരോഗ്യ പരിപാലനം യുവജനതയുടെ പ്രധാന ലക്ഷ്യമായി മാറണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി കെ മുരളീധരൻ. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയേഴ്സ് ഹാളിൽ നടന്ന അന്താരാഷ്ട്ര യുവജന ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

യുവാക്കളുടെ കഴിവുകളും ആശയങ്ങളും സാമൂഹ്യ ഉത്തരവാദിത്തവും പ്രയോജനപ്പെടുത്തി ആരോഗ്യവും സുരക്ഷിതത്വവുമുള്ള ഭാവി സൃഷ്ടിക്കുകയാണ് യുവജന ദിനാചരണത്തിന്റെ ലക്ഷ്യം. എച്ച് ഐ വി എയ്ഡ്സ് ഉൾപ്പെടെയുള്ള രോഗങ്ങളെക്കുറിച്ച് യുവതലമുറയ്ക്ക് ശരിയായ അറിവും അവബോധവും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ജീവിതശൈലിയിൽ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും രോഗവ്യാപനം തടയുന്നതിന് സ്വയം ജാഗ്രത പാലിക്കണമെന്നും ഭാവിതലമുറയുടെ ആരോഗ്യ സംരക്ഷണത്തിന് സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി പറഞ്ഞു.

രോഗം പകരുന്നത് തടയാൻ ആശുപത്രികളിൽ ചികിത്സ തേടുമ്പോൾ ഡിസ്പോസിബിൾ സിറിഞ്ചുകൾ ഉപയോഗിക്കുന്നുവെന്ന് രോഗികൾ ഉറപ്പാക്കണം. രോഗികളുടെ അവകാശമാണിതെന്നും ഇക്കാര്യത്തിൽ ആരോഗ്യവകുപ്പ് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ചില ആശുപത്രികളിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവുള്ളത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സമീപകാലത്ത് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത നിപ വൈറസ് ബാധ ഫലപ്രദമായി പ്രതിരോധിക്കാൻ കഴിഞ്ഞത് ആരോഗ്യ സംവിധാനങ്ങളുടെ മികച്ച പ്രവർത്തനത്തിന്റെ ഫലമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

മേയർ വി വി രാജേഷ് അധ്യക്ഷത വഹിച്ചു. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. പിയൂഷ് എം സ്വാഗതം ആശംസിച്ചു. എൻ എച്ച് എം ഡയറക്ടർ അനു എസ് നായർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ വി വിശ്വനാഥൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, സംസ്ഥാന എൻ എസ് എസ് ഓഫീസർ ഡോ. വി മനു, ജില്ലാ മെഡിക്കൽ ഓഫീസർ (ഹെൽത്ത്) ഡോ. ബിന്ദു മോഹൻ എന്നിവർ പങ്കെടുത്തു.

## മത്സ്യത്തൊഴിലാളി വനിതകൾക്ക് ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങാം

**കൊച്ചി:** സാഫ് മുഖേന 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന ബദൽ ജീവനോപാധി പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കാൻ മത്സ്യത്തൊഴിലാളി വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ടു മുതൽ അഞ്ച് വരെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകും. ആവശ്യം പരിഗണിച്ച് പരമാവധി ഒരു ലക്ഷം രൂപ വരെ ഗ്രാന്റായി നൽകും. അപേക്ഷകൾ എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്, സാഫ് ജില്ലാ നോഡൽ ഓഫീസ്, മത്സ്യഭവനുകൾ, സാഫിന്റെ വെബ്സൈറ്റ്, എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ 2026 ആഗസ്റ്റ് 24 ന് വൈകുന്നേരം അഞ്ചു മണി വരെ അതത് മത്സ്യഭവനുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 8129644919, 8547899529,6235089191, 7012132836.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ടതും (ഒ.ബി.സി), സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്നതും, മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരെയുമോ നഷ്ടപ്പെട്ടതുമായ വിദ്യാർത്ഥിനികൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന പ്രത്യേക ധനസഹായം അനുവദിക്കുന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. ഇ-ഗ്രാൻറ്സ് പോർട്ടൽ മുഖേന 2026 സെപ്റ്റംബർ 15 വരെ അപേക്ഷ സമർപ്പിക്കാം. മുൻവർഷം അപേക്ഷിച്ച് ആനുകൂല്യം ലഭിച്ചവർ ഇ-ഗ്രാൻറ്സ് മുഖേന അപേക്ഷ പുതുക്കേണ്ടതാണ്. വിശദാംശങ്ങൾ അടങ്ങിയ സർക്കുലർ www.egratnz.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ എറണാകുളം മേഖലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ 0484 2983130.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** വനംവകുപ്പിന്റെ 2026ലെ വനമിത്ര പുരസ്കാരത്തിന് എറണാകുളം ജില്ലയിൽ അപേക്ഷകൾ ക്ഷണിച്ചു. സാമൂഹ്യ വനവത്കരണ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, ജൈവവൈവിധ്യ പരിപാലനം തുടങ്ങിയ മേഖലകളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ് നിർണയിക്കുന്നത്. എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവരെയാണ് അവാർഡിനായി പരിഗണിക്കുന്നത്. 25,000 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും അടങ്ങിയതാണ് വനമിത്ര പുരസ്കാരം. ആവശ്യമായ രേഖകൾ സഹിതം സെപ്റ്റംബർ 10 നകം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, മണിമല റോഡ്, ഇടപ്പള്ളി പി. ഒ., എറണാകുളം 682024 എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഫോൺ: 04842344761

# കാൻസർ ചികിത്സയിൽ വിവിധ ചികിത്സാ രീതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം: ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** കാൻസർ രോഗികൾക്ക് ചികിത്സയ്ക്കൊപ്പം വേദനയും സമ്മർദവും കുറയ്ക്കുന്നതിന് വിവിധ സമീപനങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണമെന്ന് ആരോഗ്യകുടുംബക്ഷേമ മന്ത്രി കെ മുരളീധരൻ പറഞ്ഞു. വിവിധ ചികിത്സാ സമ്പ്രദായങ്ങളിലെ അറിവുകളും ചികിത്സാ രീതികളും രോഗികളുടെ ക്ഷേമത്തിനായി ശാസ്ത്രീയമായി പ്രയോജനപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ഗവൺമെന്റ് ആയുർവേദ കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ഇന്റർനാഷണൽ കോൺവർജൻസ് ഓൺ കോഓപ്പറേറ്റീവ് ഓങ്കോളജി കളഞ്ഞം 2026 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാൻസർ ചികിത്സയിൽ രോഗിയുടെ ശാരീരിക ആരോഗ്യത്തിനൊപ്പം മാനസികമായ ആശ്വാസത്തിനും ഏറെ പ്രാധാന്യമുണ്ട്. വേദന, സമ്മർദം തുടങ്ങിയ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും രോഗിക്ക് ആത്മവിശ്വാസം നൽകുന്നതിനും ആഹാരം, മാനസിക പിന്തുണ, വിവിധ തെറാപ്പികൾ എന്നിവയ്ക്ക് എങ്ങനെ സഹായിക്കാനാകുമെന്ന് വിവിധ മേഖലകളിലെ വിദഗ്ധർ ചേർന്ന് പരിശോധിക്കണം. ആയുർവേദത്തിലെ രസായന ചികിത്സ, ആഹാരക്രമം തുടങ്ങിയ സമീപനങ്ങൾ കാൻസർ പരിചരണത്തിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് ശാസ്ത്രീയമായി വിലയിരുത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

ആയുർവേദ പാരമ്പര്യത്തിൽ കേരളത്തിന് മികച്ച സ്ഥാനമാണുള്ളത്. ഉന്നത നിലവാരമുള്ള ആശുപത്രികളും ചികിത്സാ സംവിധാനങ്ങളും സംസ്ഥാനത്തുണ്ട്. ഈ പാരമ്പര്യവും ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങളും പരസ്പരം പൂരകമാകുന്ന തരത്തിൽ ഉപയോഗപ്പെടുത്തുന്നതിലൂടെ കാൻസർ പരിചരണ രംഗത്ത് കൂടുതൽ മികച്ച മാതൃകകൾ സൃഷ്ടിക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.

വിവിധ ചികിത്സാ മേഖലകളിലുള്ളവരെ ഒരുമിച്ചുകൊണ്ടുവരുന്ന ഇത്തരം സംഗമങ്ങൾ കൂടുതൽ സഹകരണത്തിനും ഗവേഷണത്തിനും വഴിയൊരുക്കും. ലോകാരോഗ്യ സംഘടനയുടെ ഗ്ലോബൽ ട്രഡീഷണൽ മെഡിസിൻ സെന്ററുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഡോ. ഗീതാകൃഷ്ണൻ ഉൾപ്പെടെയുള്ള വിദഗ്ധരുടെ പങ്കാളിത്തം സംഗമത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നു. ആയുഷ് സർവകലാശാല രൂപീകരണവുമായി ബന്ധപ്പെട്ട് മേഖലയിലുള്ളവരുടെ നിർദേശങ്ങൾ സ്വീകരിച്ച് മുന്നോട്ടുപോകുമെന്നും അദ്ദേഹം അറിയിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും മന്ത്രി ഓണാശംസകളും നേർന്നു.

ഉദ്ഘാടനച്ചടങ്ങിൽ സംഘാടക സമിതി സെക്രട്ടറി ഡോ. നീനു പീറ്റർ സ്വാഗതം പറഞ്ഞു. എ കെ ജി എ സി എ എസ് തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റ് ഡോ. ആനന്ദ് എസ് അധ്യക്ഷത വഹിച്ചു.

കേരള ആരോഗ്യ സർവകലാശാല രജിസ്ട്രാർ ഡോ. എസ് ഗോപകുമാർ പ്രത്യേക പ്രഭാഷണം നടത്തി. എ എം എ ഐ സംസ്ഥാന പ്രസിഡന്റ് ഡോ. കെ എസ് വിഷ്ണു നമ്പൂതിരി, പി പി എച്ച് എസ് ഫൗണ്ടേഷൻ പ്രതിനിധി ഡോ. ശ്രീകുമാർ നമ്പൂതിരി, എ കെ ജി എ സി എ എസ് ജനറൽ സെക്രട്ടറി ഡോ. ബിജുമോൻ ഒ സി., സെന്റ് തോമസ് കോളജ് പാലാ ബയോടെക്നോളജി വിഭാഗം അധ്യാപകൻ ഡോ. രതീഷ് എം എന്നിവർ ആശംസകൾ നേർന്നു. പി പി എച്ച് എസ് ഫൗണ്ടേഷൻ പ്രതിനിധി ഡോ. കിരൺ ലാൽ വി എസ് നന്ദി പറഞ്ഞു.

'ഒരു രോഗി, പല ചികിത്സാ സമ്പ്രദായങ്ങൾ' എന്ന ആശയത്തിൽ സംഘടിപ്പിച്ച സംഗമത്തിൽ ഓങ്കോളജിസ്റ്റുകൾ, ആയുർവേദ ഭിഷഗ്വരന്മാർ, ഹോമിയോപ്പതി വിദഗ്ധർ, ഗവേഷകർ, നയരൂപീകരണ വിദഗ്ധർ, പാലിയേറ്റീവ് കെയർ പ്രവർത്തകർ, രോഗികൾ, കാൻസർ അതിജീവിതർ തുടങ്ങിയവർ പങ്കെടുത്തു.



## എം.ജി സർവകലാശാല

### പരീക്ഷാതീയതി

മഹാത്മാ ഗാന്ധി സർവകലാശാല 10.08.2026ന് നടത്താനിരുന്ന വിവിധ പരീക്ഷകളുടെ പുതുക്കിയ തീയതികൾ സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2023 അഡ്മിഷൻ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. അഞ്ചാം സെമസ്റ്റർ പരാജയപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ സപ്ലിമെന്ററി പരീക്ഷകൾ സെപ്റ്റംബർ 9 മുതൽ 16 വരെ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (പി.ജി.സി.എസ്.എസ് 2018 അഡ്മിഷൻ സെക്കൻഡ് മെഴ്സി ചാൻസ്, 2017 അഡ്മിഷൻ തേർഡ് മെഴ്സി ചാൻസ്, 2016 അഡ്മിഷൻ ലാസ്റ്റ് & ഫൈനൽ സ്പെഷ്യൽ മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 31 വരെ അപേക്ഷിക്കാം. 2017, 2018 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് studentportal.mgu.ac.in മുഖേനയും, 2016 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നേരിട്ടും അപേക്ഷിക്കാം.

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി. എ. (20092012 അഡ്മിഷനുകൾ റെഗുലർ സ്റ്റഡി) ലാസ്റ്റ് ആൻഡ് ഫൈനൽ സ്പെഷ്യൽ മെഴ്സി ചാൻസ്/സെമസ്റ്റർ ഇംപ്രൂവ്മെന്റ് ഫെബ്രുവരി 2025ന്റെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 31 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ നേരിട്ട് അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ എം.എ. മ്യൂസിക് (വയലിൻ) (സി.എസ്.എസ്. 2025 അഡ്മിഷൻ റെഗുലർ / 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/ 20202024 അഡ്മിഷൻസ് റീഅപ്പിയറൻസ്/ 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) മേയ് 2026ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 17, 18, 19 തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

### സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ എം. എസ്. സി. മാത്തമാറ്റിക്സ്, എം. എസ്. സി. സ്റ്റാറ്റിസ്റ്റിക്സ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. അർഹരായ വിദ്യാർത്ഥികൾ 2026 ഓഗസ്റ്റ് 17ന് രാവിലെ 10:30ന് അസ്സൽ രേഖകളുമായി സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് പഠനവകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 8304870247, 9037083648 എന്നീ ഫോൺ നമ്പറുകളിലോ sms@mgu.ac.in എന്ന ഇമെയിലിലോ ബന്ധപ്പെടുക.



# അമലയിൽ അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസറുകൾ സ്ഥാപിച്ചു

**തൃശൂർ**: അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ആൻഡ് ഇമ്മ്യൂണോഹീമറ്റോളജി വിഭാഗത്തിൽ പുതിയ അൾട്രാ ലോ ടെമ്പറേച്ചർ ഫ്രീസറുകൾ സ്ഥാപിച്ചു. തെർമോ സയൻറിഫിക് കന്പനിയുടെ 816 ലിറ്റർ വീതം ശേഷിയുള്ള രണ്ട് 80 ഡിഗ്രി സെൽഷ്യസ് അൾട്രാ ലോ ടെമ്പറേച്ചർ (യുടിഎൽ) ഫ്രീസറുകളാണു സജ്ജമാക്കിയത്.

രക്തത്തിൽനിന്നു വേർതിരിച്ചെടുക്കുന്ന പ്ലാസ്മഘടകങ്ങൾ സുരക്ഷിതമായും ഉയർന്ന ഗുണനിലവാരത്തോടെയും ദീർഘകാലം സംഭരിക്കുന്നതിനാണ് ഈ ഫ്രീസറുകൾ ഉപയോഗിക്കുന്നത്.

രണ്ടു ഫ്രീസറുകളിലുമായി ആകെ 1,632 ലിറ്റർ സംഭരണശേഷി ലഭ്യമാകുന്നതോടെ, കൂടുതൽ അളവിൽ പ്ലാസ്മ ഘടകങ്ങൾ ശാസ്ത്രീയമായി സൂക്ഷിക്കാനും ആവശ്യമുള്ള രോഗികൾക്കു സമയബന്ധിതമായി ലഭ്യമാക്കാനും സാധിക്കും.

തൃശൂർ ജില്ലയിലെയും സമീപപ്രദേശങ്ങളിലെയും രോഗികളുടെ വർധിച്ചുവരുന്ന രക്തഘടക ആവശ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റാനും കൃത്യമായ ലഭ്യതയും ഗുണനിലവാരവും ഉറപ്പാക്കാനും ഇതു സഹായിക്കും.

പുതിയ സംവിധാനം അമല ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ ആശീർവദിച്ചു. ജോയിൻറ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ, ബ്ലഡ് സെൻറർ മേധാവി ഡോ. വിനു വിപിൻ എന്നിവർ പ്രസംഗിച്ചു.

# ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് ആദരം; തപാൽ മുദ്രയും പ്രത്യേക കവറും പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് ആദരമായി തപാൽ മുദ്രയും പ്രത്യേക കവറും ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പ്രകാശനം ചെയ്തു. കേരളം ഐക്യം, സൗഹാർദം, ആത്മീയത, പുരാതനമായ സാംസ്കാരിക പാരമ്പര്യങ്ങൾ എന്നിവയ്ക്കായി നിലകൊള്ളുന്ന നാടാണെന്ന് ഗവർണർ പറഞ്ഞു. തപാൽ വകുപ്പ് കേരളത്തിന്റെ ഈ സാംസ്കാരിക പൈതൃകം ലോകത്തിന് മുന്നിൽ എത്തിക്കാനും പ്രദർശിപ്പിക്കാനും സഹായിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന മൃഗമായ ആന, സംസ്ഥാന പക്ഷിയായ മലമുഴക്കി വേഴാമ്പൽ എന്നിവയുടെ ചിത്രമടങ്ങിയ തപാൽ കാർഡുകളും പുറത്തിറക്കി. ഹർ ഘർ തിരംഗയുടെ ഭാഗമായി വിശിഷ്ടാതിഥികൾ ത്രിവർണ പതാക പ്രദർശിപ്പിച്ചു. കേരള സർക്കിൾ ചീഫ് പോസ്റ്റ് മാസ്റ്റർ ജനറൽ അമിതാഭ് സിങ് സ്വാഗതം ആശംസിച്ചു. നഗരസഭ ഡെപ്യൂട്ടി മേയർ ജി.എസ്.ആശാനാഥ്, ക്ഷേത്ര ഭരണസമിതി അംഗങ്ങളായ ആദിത്യ വർമ്മ, കരമന ജയൻ, അഡ്വ എ. വേലപ്പൻ നായർ, ഫോർട്ട് വാർഡ് കൗൺസിലർ എസ്.ഹരികുമാർ, പോസ്റ്റൽ സർവീസസ് ഡയറക്ടർ എൻ.ആർ.ഗിരി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# കുസാറ്റ് ബി.ടെക്ക് ഇൻഡക്ഷൻ പ്രോഗ്രാം 17, 18 തീയതികളിൽ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ബി.ടെക്ക് പ്രോഗ്രാമുകളുടെ ഇൻഡക്ഷൻ പ്രോഗ്രാം ആഗസ്റ്റ് 17, 18 തീയതികളിൽ സർവകലാശാല സെമിനാർ കോംപ്ലെക്സിൽ നടക്കും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് ഡാറ്റാ സയൻസ്, സേഫ്റ്റി ആൻഡ് ഫയർ എൻജിനീയറിങ്, സിവിൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് എന്നീ പ്രോഗ്രാമുകളിലേക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം ആഗസ്റ്റ് 17നും ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിങ്, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എൻജിനീയറിങ്, ഇൻഫർമേഷൻ ടെക്നോളജി, മെക്കാനിക്കൽ എൻജിനീയറിങ് എന്നീ പ്രോഗ്രാമുകളിലേക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം ആഗസ്റ്റ് 18നും നടക്കും. റിപ്പോർട്ടിങ് സമയം രാവിലെ 9 മണി. ഇൻഡക്ഷൻ പ്രോഗ്രാമിന് തൊട്ടടുത്ത പ്രവർത്തി ദിവസം മുതൽ റെഗുലർ ക്ലാസുകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 04842862031 എന്ന നമ്പറിൽ ബന്ധപ്പെടുക.

### കുസാറ്റ് കുസെക് ബിരുദദാന ചടങ്ങ് 14ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്ക് (കുസാറ്റ്) കീഴിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിങ് കുട്ടനാട് (കുസെക്) സംഘടിപ്പിക്കുന്ന ബിരുദദാന ചടങ്ങ് 2026 ഓഗസ്റ്റ് 14ന് കുസാറ്റ് സെമിനാർ കോംപ്ലക്സിൽ നടക്കും.

പി.എച്ച്.ഡി., എം.സി.എ., ബി.ടെക്. പ്രോഗ്രാമുകളിലെ ബിരുദധാരികൾക്കായാണ് ചടങ്ങ് സംഘടിപ്പിക്കുന്നത്. സംസ്ഥാന സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ്. മുഖ്യാതിഥിയായി ചടങ്ങിൽ പങ്കെടുക്കും. കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം. ജുനൈദ് ബുഷിരി അധ്യക്ഷത വഹിക്കും.

കുസാറ്റ് രജിസ്ട്രാർ പ്രൊഫ. (ഡോ.) അരുൺ എ. യു., ഫാക്കൽറ്റി ഓഫ് ടെക്നോളജി, ഡീൻ പ്രൊഫ. (ഡോ) ശ്രീജിത്ത് പി.എസ്, ഫാക്കൽറ്റി ഓഫ് എൻജിനീയറിങ് ഡീൻ പ്രൊഫ. (ഡോ) സെന്തിൽ പ്രകാശ് എം.എൻ, കുസെക് പ്രിൻസിപ്പൽ പ്രൊഫ. (ഡോ.) പ്രീത മാത്യു കെ., കൺട്രോളർ ഓഫ് എക്സാമിനേഷൻ പ്രൊഫ. (ഡോ) എൻ. മനോജ്, എന്നിവർ പങ്കെടുക്കും.

### കുസാറ്റ്: ഓൺലൈൻ പരിശീലനം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും കുസാറ്റ് മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പും സംയുക്തമായി ചേർന്ന് ഓൺലൈനായി കേരള പബ്ലിക് സർവീസ് കമ്മീഷൻ ലാൻഡ് യൂസ് ഡിപ്പാർട്മെന്റിലേക്ക് നടത്തുന്ന ജിയോളോജിക്കൽ അസിസ്റ്റന്റ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി പരിശീലനം നടത്തുന്നു.180 മണിക്കൂർ നീണ്ടുനിൽക്കുന്ന പരിശീലനത്തിന് 5000 രൂപയാണ് ഫീസ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര്, യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ugbkchi.emp@gmail.com എന്ന വിലാസത്തിലേക്ക് അയച്ച് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0484 2576756 എന്ന നമ്പറിൽ ബന്ധപ്പെടുക.

### കുസാറ്റ് അധ്യാപകന് 17 ലക്ഷത്തിന്റെ കയർ ബോർഡ് പ്രോജക്റ്റ് ഫണ്ട്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സരvകലാശാല (കുസാറ്റ്) ,



സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി അധ്യാപകനായ ഡോ.അബേഷ് രഘുവരന് കേന്ദ്ര സർക്കാർ സ്ഥാപനമായ കയർ ബോർഡിന്റെ 17 ലക്ഷത്തിന്റെ പ്രോജക്റ്റ് ഫണ്ട് ലഭിച്ചു. ചൂടുകൂടിയ പ്രദേശങ്ങളിലെ പ്ളാസ്റ്റിക്, പി.വി.സി വാട്ടർ ടാങ്കുകൾക്ക് കയർ മാറ്റ് ഉപയോഗിച്ചുള്ള ജാക്കറ്റ് നിർമ്മിക്കുവാനുള്ള ഗവേഷണത്തിനും, ഉൽപ്പന്നം വികസിപ്പിക്കുവാനുമുള്ള ഒരു വർഷത്തെ പ്രൊജക്റ്റാണ് ലഭിച്ചത്. കയർ ഗവേഷണത്തിൽ ഇരുപതോളം വർഷത്തെ ഗവേഷണപരിചയമുള്ള അബേഷ് രഘുവരൻ പന്ത്രണ്ട് അന്തർദേശീയ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും, കയർ ഗവേഷണത്തിൽ രണ്ട് ഡോക്ടറൽ വിദ്യാർഥികൾക്ക് ഗൈഡായി പ്രവർത്തിക്കുകയും ചെയ്യുന്നു.

# പോർച്ചുഗീസ് ഫുട്ബോൾ ക്ലബ്ബിന്റെ അമരത്തേക്ക് യുവ സംരംഭകൻ

**ഗ്വാർഡ എഫ്സിയുടെ ഭൂരിഭാഗം ഓഹരികൾ സ്വന്തമാക്കി ജയ് അഗർവാൾ**




**കൊച്ചി:** പോർച്ചുഗീസ് ഫുട്ബോളിലെ നാലാം ഡിവിഷൻ ടീമായ ഗ്വാർഡ എഫ്സിയുടെ സിഇഒ ആയി ഇന്ത്യൻ യുവ സംരംഭകനായ ജയ് അഗർവാൾ നിയമിതനായി. ക്ലബ്ബിന്റെ ഭൂരിഭാഗം ഓഹരികളിലും നിക്ഷേപം നടത്തിയതിനെത്തുടർന്നാണ് നിയമനം. ലാലിഗ ബിസിനസ് സ്കൂളിൽ നിന്നും ഗ്ലോബൽ സ്പോർട്സ് മാർക്കറ്റിംഗിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കിയ ജയ് അഗർവാൾ ഏറെക്കാലം യൂറോപ്യൻ ഫുട്ബോൾ മേഖല കേന്ദ്രീകരിച്ച് പ്രവർത്തിച്ചിട്ടുണ്ട്. യൂറോപ്യൻ ഫുട്ബോളിന്റെ ശാസ്ത്രീയ വിശകലനവും താരങ്ങളെ തെരഞ്ഞെടുക്കുന്ന രീതികളും ക്ലബ്ബുകളുടെ പ്രവർത്തനശൈലിയും വർഷങ്ങളായി പിന്തുടരുന്ന ജയ് അഗർവാൾ, ഇന്ത്യയിലെയും ഏഷ്യയിലെയും വളർന്നുവരുന്ന കൗമാര താരങ്ങൾക്ക് വിദേശ ലീഗുകളിൽ പങ്കെടുക്കാനുള്ള അവസരം ഒരുക്കുന്നതിന്റെ ഭാഗമായാണ് പോർച്ചുഗീസ് ക്ലബ്ബിനെ ഏറ്റെടുത്തത്.

വർഷങ്ങളായുള്ള ആഗ്രഹമാണ് പൂർത്തീകരിച്ചതെന്നും കഴിവുള്ള യുവ പ്രതിഭകൾക്ക് ഫുട്ബോൾ പഠിക്കുന്നതിന് വിശാലമായ അവസരമൊരുക്കുകയാണ് ലക്ഷ്യമിടുന്നതെന്നും ജയ് അഗർവാൾ പറഞ്ഞു. ഇന്ത്യയിലെ നിരവധി കൗമാര താരങ്ങൾക്ക് വിദേശ ലീഗുകളിൽ കളിക്കണമെന്ന് ആഗ്രഹമുണ്ട്. സാങ്കേതിക കാരണങ്ങൾ മുടങ്ങുന്ന അവരുടെ ഇത്തരം ആഗ്രഹങ്ങളെ സഫലീകരിക്കാനാണ് പോർച്ചുഗലിലെ നാലാം ഡിവിഷൻ ഫുട്ബോൾ ടീമിനെ സ്വന്തമാക്കിയതെന്നും ജയ് അഗർവാൾ കൂട്ടിച്ചേർത്തു. ക്ലബ്ബിന്റെ ദീർഘകാല വളർച്ച ലക്ഷ്യമിട്ടുള്ള വികസന പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ, അന്താരാഷ്ട്ര മേജർ ലീഗുകളിൽ കളിക്കാൻ ഉതകുന്ന തരത്തിൽ ഫുട്ബോൾ പ്രതിഭകളെ വാർത്തെടുക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമെന്നും ഗ്വാർഡ എഫ്സി പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ അറിയിച്ചു.

# സ്പെഷൽ ട്രഷറി ഡെപ്പോസിറ്റ് മൊബിലൈസേഷൻ ഡ്രൈവ് നിക്ഷേപങ്ങൾക്ക് 7.75 ശതമാനം പലിശ

**തിരുവനന്തപുരം:** സ്പെഷൽ ട്രഷറി ഡെപ്പോസിറ്റ് മൊബിലൈസേഷൻ ഡ്രൈവ്2026'ന്റെ ഭാഗമായി ആഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 30 വരെ ട്രഷറി സ്ഥിര നിക്ഷേപങ്ങൾക്ക് പ്രത്യേക പലിശനിരക്ക് അനുവദിക്കാൻ സർക്കാർ ഉത്തരവായി.

രണ്ട് വർഷവും അതിൽ കൂടുതലും കാലാവധിയുള്ള പുതിയ സ്ഥിരനിക്ഷേപങ്ങൾക്കാണ് ആനുകൂല്യം ലഭിക്കുക. പ്രത്യേക കാലയളവിൽ പൊതുജനങ്ങൾക്ക് 7.75 ശതമാനം, മുതിർന്ന പൗരന്മാർക്ക് 8 ശതമാനം, സ്ഥാപന നിക്ഷേപങ്ങൾക്ക് 7.65 ശതമാനം എന്നിങ്ങനെയാണ് വാർഷിക പലിശ.

പദ്ധതി കാലയളവിനുശേഷം പലിശനിരക്ക് വീണ്ടും നിലവിലെ 7.50 ശതമാനമാകും. പ്രത്യേക നിരക്ക് കാമ്പയിൻ കാലയളവിൽ പുതുതായി ആരംഭിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് മാത്രമാണ് ബാധകം.

കാലാവധി പൂർത്തിയായ ശേഷം പുതുക്കുന്ന നിക്ഷേപങ്ങൾക്ക് ഈ നിരക്ക് ലഭിക്കില്ല. പദ്ധതി സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ പിന്നീട് പുറത്തിറക്കുമെന്ന് ട്രഷറി ഡയറക്ടർ അറിയിച്ചു.

# കേരള ബാങ്കിൽ ഇന്റർനെറ്റ് ബാങ്കിംഗിന് ആർബിഐ അംഗീകാരം

**തിരുവനന്തപുരം:** ഇന്റർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ നടപ്പാക്കുന്നതിന് കേരള ബാങ്കിന് ആർബിഐയുടെ അനുമതി ലഭിച്ചു. ഉപയോക്താക്കൾക്ക് ബാങ്ക് ശാഖ സന്ദർശിക്കാതെ തന്നെ ഇൻറർനെറ്റിലൂടെ ബാങ്കിംഗ് സേവനങ്ങൾ 24X7 ലഭ്യമാക്കുന്നതിനുള്ള അനുമതിയാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് കേരള ബാങ്കിന് ലഭിച്ചത്. വ്യക്തിഗത ഉപയോക്താക്കൾക്കൊപ്പം അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും ഇതരസ്ഥാപനങ്ങൾക്കും കേരള ബാങ്ക് വഴി ഇൻറർനെറ്റ് ബാങ്കിംഗ് സൗകര്യങ്ങൾ ലഭിക്കും. അംഗസംഘങ്ങൾക്ക് കേരള ബാങ്കിലുള്ള അക്കൗണ്ട് ഉപയോഗിച്ച് RTGS, NEFT ഉൾപ്പെടെയുള്ള ഇൻറർനെറ്റ് ബാങ്കിംഗ് സേവനങ്ങൾ നടത്താൻ ആകുമെന്നതും ഇതിന്റെ നേട്ടമാണ്. സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റു സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഫണ്ട് ട്രാൻസ്ഫർ, ബൾക്ക് പേയ്മെൻറുകൾ, അക്കൗണ്ട് മാനേജ്മെൻറ് സേവനങ്ങൾ എന്നിവ ശാഖ സന്ദർശിക്കാതെ ഓൺലൈനായി നിർവഹിക്കാൻ കഴിയുന്ന രീതിയിലേക്ക് ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ വിപുലമാകും. കൂടാതെ Q-R Code, EPOS തുടങ്ങിയ സേവനങ്ങളും ഉടനെ ലഭ്യമാകും. 2019ൽ കേരള ബാങ്ക് രൂപീകരിച്ച് ചുരുങ്ങിയ കാലം കൊണ്ടുതന്നെ കോർ ബാങ്കിംഗ് സംവിധാനം ഏകീകരിക്കുകയും KB Prime, KB Prime Plus മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ വഴി ഉൾപ്പെടെ ദൈനംദിനം ബാങ്കിംഗ് സേവനങ്ങളും നിക്ഷേപ സേവനങ്ങളും ബാങ്ക് ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം 9.8 കോടി ഇടപാടുകളിലായി 16,041.25 കോടി രൂപയാണ് ഡ്വജക വഴി ഇത്തരത്തിൽ വിനിമയം നടത്തിയത്. കേരള ബാങ്കിന്റെ ആകെ ബിസിനസ് നിലവിൽ 1,28,697 കോടി രൂപയാണ്.



# ലയനത്തിന് പിന്നാലെ മികച്ച പ്രകടനവുമായി ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ആരോഗ്യ സേവനദാതാക്കളായ ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡ്, 2026 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 20% വളർച്ചയോടെ 2,597 കോടി രൂപയുടെ വരുമാനം നേടി. പ്രവർത്തന ലാഭത്തിൽ ഉണ്ടായ 30 ശതമാനത്തിന്റെ വർധനവാണ് (576 കോടി രൂപ) ഈ നേട്ടത്തിന് കരുത്തേകിയത്.

ഇതോടെ കമ്പനിയുടെ ലാഭവിഹിതം 170 ബിപിഎസ് വർധിച്ച് 22.2 ശതമാനത്തിലെത്തി. ലയനത്തിന് ശേഷമുള്ള ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ എന്ന സംയുക്ത സ്ഥാപനത്തിന്റെ ആദ്യ സാമ്പത്തിക റിപ്പോർട്ടാണിത്.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ വരുമാനം 22% വർധിച്ച് 1,311 കോടി രൂപയും പ്രവർത്തന ലാഭം (കാസർകോട് ഒഴികെ) 30% വർധിച്ച് 279 കോടി രൂപയായപ്പോൾ ക്വാളിറ്റി കെയറിന്റെ വരുമാനം 19% വർധിച്ച് 1,287 കോടി രൂപയും പ്രവർത്തന ലാഭം 32% വർധിച്ച് 299 കോടി രൂപയുമായി. ഒപ്പം, കാസർകോട് ആശുപത്രി പ്രവർത്തനം തുടങ്ങി ഒമ്പതാം മാസത്തിൽ തന്നെ പ്രവർത്തന ലാഭത്തിലെത്തി എന്ന നേട്ടവും കൈവരിച്ചു. വരും മാസങ്ങളിൽ ലയനത്തിലൂടെ രൂപപ്പെട്ട ഈ വലിയ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുമെന്നും, വലിയ സേവന ശൃംഖല, മികച്ച ചികിത്സാ വൈദഗ്ധ്യം, സമൂഹത്തിൽ വലിയ സ്വാധീനം - ഇതാണ് ആസ്റ്റർ ഡിഎം ക്വാളിറ്റി കെയറിന്റെ പുതിയ നയമെന്ന് സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ചെയർമാൻ ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി.

ഈ കാലയളവിൽ മാത്രം ഇൻപ്യേഷന്റ്, ഔട്ട്പ്യേഷന്റ് വിഭാഗങ്ങളിലായി ആകെ 20 ലക്ഷം പേർക്ക്, അതായത് കഴിഞ്ഞ വർഷത്തെക്കാൾ 13% കൂടുതൽ ചികിത്സ നൽകിയെന്ന് മാനേജിംഗ് ഡയറക്ടറും ഗ്രൂപ്പ് സിഇഒയുമായ വരുൺ ഖന്നയും പറഞ്ഞു.

# ഫാൽക്കൺ ഫീഡ്സിന് ദേശീയ അംഗീകാരം




കൊച്ചി: ഐ.ടി.വ്യവസായ കൂട്ടായ്മയായ നാസ്കോ എർപ്പെടുത്തിയ എമേർജിംഗ് 50 അവാർഡ് മലയാളി സൈബർ സെക്യൂരിറ്റി സ്റ്റാർട്ടപ്പ് കമ്പനിയായ ഫാൽക്കൺ ഫീഡ്സ് കരസ്ഥമാക്കി. 'സൈബർ സെക്യൂരിറ്റി, ക്വാണ്ടം & ഡിജിറ്റൽ ട്രസ്റ്റീസ്' വിഭാഗത്തിലാണ് കമ്പനിക്ക് പുരസ്കാരം ലഭിച്ചത്. രാജ്യത്തെ അതിവേഗം വളരുന്നവയും നൂതന സാങ്കേതിക വിദ്യയിൽ മികവ് പുലർത്തുന്നതുമായ 50 ടെക്നോളജി സംരംഭങ്ങളെ കണ്ടെത്തി ആദരിക്കുന്ന നാസ്കോമിന്റെ പ്രധാന സംരംഭങ്ങളിലൊന്നാണ് എമേർജ് 50. സാങ്കേതികവിദ്യയിലെ മികവിനൊപ്പം വലിയ തോതിൽ ഡിജിറ്റൽ വിശ്വാസ്യത സൃഷ്ടിക്കുന്നതിനുള്ള സാധ്യതയും സംഭാവനയും പരിഗണിച്ചാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുക്കുന്നത്.കൃത്രിമബുദ്ധി, മെഷീൻ ലേണിംഗ്, ക്വാണ്ടം സൈബർ സെക്യൂരിറ്റി തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ആഗോളതലത്തിലുള്ള സൈബർ ഭീഷണികളും വിവര ച്ചോർച്ചകളും തത്സമയം നിരീക്ഷിക്കാനും പ്രതിരോധിക്കാനും സഹായിക്കുന്ന സാങ്കേതികവിദ്യയാണ് ഫാൽക്കൺ ഫീഡ്സ് വികസിപ്പിച്ചിട്ടുള്ളത്. സുരക്ഷിതവും സുതാര്യവുമായ ഡിജിറ്റൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മുൻകൂട്ടിയുള്ള പ്രതിരോധ സംവിധാനങ്ങളാണ് കമ്പനി ഒരുക്കുന്നത്. 'സൈബർ സുരക്ഷ എല്ലാവർക്കും പ്രാപ്യമാക്കുക എന്ന വിശാല കാഴ്ച്ചപ്പാടിലാണ് നന്ദകിഷോർ ഹരികുമാറും രാകേഷ് ഐക്കരയും ചേർന്ന് ബംഗളുരുവിൽ ഫാൽക്കൺ ഫീഡ്സിന് തുടക്കമിട്ടത്. കൊച്ചിയിലും, ലണ്ടനിലും കമ്പനിക്ക് ഓഫീസുകൾ ഉണ്ട്.

സൈബർ കുറ്റകൃത്യങ്ങൾക്കെതിരായ പോരാട്ടത്തിൽ വ്യവസായ മേഖലയ്ക്ക് മികച്ച സംഭാവനകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പൂർവ്വാധികം ശക്തിയോടെ തുടരുമെന്ന് നാസ്കോം ഡീപ്ടെക് ഡയറക്ടറും മേധാവിയുമായ ശ്രേയയിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി രാകേഷ് ഐക്കര പറഞ്ഞു.

# യുആർ8എസ് ആർജിബി മിനി എൽഇഡി ടിവികൾ അവതരിപ്പിച്ച് ഹൈസെൻസ് ഇന്ത്യ

**കൊച്ചി:** പ്രമുഖ ആഗോള കൺസ്യൂമർ ഇലക്ട്രോണിക്സ്, ഹോം അപ്ലയൻസസ് ബ്രാൻഡായ ഹൈസെൻസ് പുതിയ ഫ്ലാഗ്ഷിപ്പ് മോഡലായ യുആർ8എസ് ആർജിബി മിനി എൽഇഡി ടിവി സീരീസ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ചിത്രങ്ങളുടെ നിറവും തെളിച്ചവും തത്സമയം ഏറ്റവും മികച്ച രീതിയിൽ ക്രമീകരിക്കുന്ന ഹൈസെൻസിന്റെ ഹൈവ്യൂ എഐ എൻജിൻ ആർജിബി പ്രോസസറാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും വേഗതയേറിയ സ്മാർട്ട് ടിവി ഓപ്പറേറ്റിംഗ് സിസ്റ്റമായ വിഐഡിഎഎ ആണ് ഈ മോഡലുകളിൽ പ്രവർത്തിക്കുന്നത്.



180 ഹെർട്സ് റിഫ്രഷ് റേറ്റ്, ആന്റി റിഫ്ലക്ഷൻ & ഗ്ലെയർഫ്രീ ടെക്നോളജി, 3,500 നിറ്റ്സ് പീക്ക് ബ്രൈറ്റ്നെസ് എന്നിവയും ഇതിലുണ്ട്. പുറത്തെ വെളിച്ചത്തിനനുസരിച്ച് ടിവിയുടെ സെറ്റിംഗ്സ് തനിയെ മാറുന്ന എഐ ആർജിബി ലൈറ്റ് സെൻസറുമുണ്ട്.

2.1.2 മൾട്ടിചാനൽ സറൗണ്ട് സൗണ്ട് സിസ്റ്റം, ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, ഐമാക്സ് എൻഹാൻസ്ഡ്, ഫിലിംമേക്കർ മോഡ് എന്നീ സൗകര്യങ്ങൾ ഇതിൽ ലഭ്യമാണ്. ഹാൻഡ്സ് ഫ്രീ വോയ്സ് കൺട്രോൾ, അലക്സ, ഗൂഗിൾ ഹോം, ആപ്പിൾ എയർപ്ലേ, ആപ്പിൾ ഹോം തുടങ്ങിയവയും ഈ ടിവികളിൽ ലഭ്യമാണ്.

പുതിയ മോഡലുകൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി 10,000 രൂപ വരെയുള്ള ക്യാഷ്ബാക്ക്, രണ്ട് വർഷത്തെ കോംപ്രിഹെൻസീവ് വാറന്റി, ഒരു ഇഎംഐ തികച്ചും സൗജന്യം, സീറോ ഡൗൺപേയ്മെന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ ഉപഭോക്താക്കൾക്ക് ലഭിക്കും.

55, 65, 75 ഇഞ്ച് വലിപ്പങ്ങളിലാണ് യുആർ8എസ് സീരീസ് ടിവികൾ വിപണിയിൽ എത്തുന്നത്. 1,19,990 രൂപ മുതലാണ് ഇവയുടെ വില ആരംഭിക്കുന്നത്.

പ്രമുഖ റീട്ടെയിൽ സ്റ്റോറുകളിലൂടെയും ആമസോൺ, ഫ്ലിപ്പ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും ഈ ടിവികൾ ലഭ്യമാകും.




# ജോസ് ആലുക്കാസ് ഓണം ഓഫറുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** ഗുണനിലവാരത്തിലും പുതുമയിലും ട്രെൻഡി ആഭരണ രൂപകൽപ്പനയിലും ഇന്ത്യക്കാരുടെ വിശ്വസ്ത ബ്രാൻഡായ ജോസ് ആലുക്കാസ്, കേരളത്തിലെ എല്ലാ ഷോറൂമുകളിലും ഓഗസ്റ്റ് 8 മുതൽ 26 വരെ പ്രത്യേക ഓണം ഓഫറുകൾ പ്രഖ്യാപിച്ചു. സ്വർണം, ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങൾക്ക് ഒട്ടനവധി ആകർഷകമായ ഉത്സവകാല ഓഫറുകൾ ഒരുക്കുന്നതിനൊപ്പം, സെലിബ് ഫേസ് കാമ്പെയ്നും ബ്രാൻഡ് പുറത്തിറക്കിയിട്ടുണ്ട്.

കേരളത്തിലെ പ്രമുഖ ലൈഫ്സ്റ്റൈൽ മാഗസിനുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന 'സെലിബ് ഫേസ്' കാമ്പെയ്നിലേക്ക് 18നും 30നും ഇടയിൽ പ്രായമുള്ള യുവതികളെ കേരളത്തിലെ ഏതെങ്കിലും ജോസ് ആലുക്കാസ് ഷോറൂം സന്ദർശിക്കാനും, തിരഞ്ഞെടുത്ത ശേഖരത്തിലെ ഇഷ്ടപ്പെട്ട ആഭരണങ്ങൾ ധരിക്കാനും, ഒരു സെൽഫി എടുക്കാനും ക്ഷണിക്കുന്നു. ലഭിക്കുന്ന എൻട്രികളിൽ നിന്ന് രണ്ട് വിജയികളെ തിരഞ്ഞെടുക്കുന്നതായിരിക്കും. ഈ ഓണാഘോഷത്തെ ഏറെ അവിസ്മരണീയമാക്കിക്കൊണ്ട്, വിജയികളിൽ ഒരാൾക്ക് മാഗസിനിന്റെ കവർ ചിത്രത്തിലും, മറ്റൊരാൾക്ക് ജോസ് ആലുക്കാസിന്റെ അടുത്ത പരസ്യ പ്രചാരണത്തിലും തിളങ്ങാൻ അവസരം ലഭിക്കും. യോഗ്യരായ പങ്കാളികൾക്ക് https://celeb-face.josalukkas.online/ സന്ദർശിച്ച് രജിസ്റ്റർ ചെയ്യാം.

ഓഫർ പ്രചാരണത്തിന്റെ ഭാഗമായി, ലോകമെമ്പാടുമുള്ള വിപണികളിൽ നിന്ന് നേരിട്ട് സമാഹരിച്ച സ്വർണ്ണ, നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ എക്സ്ക്ലൂസീവ് ശേഖരമാണ് ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട ലബോറട്ടറികളുടെ സർട്ടിഫിക്കറ്റോടെ, വിദഗ്ദ്ധമായി ഡിസൈൻ ചെയ്തവയാണ് ഓരോ ആഭരണവും.

അതിമനോഹരമായ മാലകൾ, സ്റ്റേറ്റ്മെൻറ് കമ്മലുകൾ, ആകർഷകമായ ബ്രൈഡൽ സെറ്റുകൾ, ഏതു ശൈലിക്കും ആഘോഷങ്ങൾക്കും അനുയോജ്യമായ കസ്റ്റമൈസ്ഡ് ഡിസൈനുകൾ എന്നിവയാണ് ഈ ഉത്സവകാല ശേഖരത്തിലെ പ്രധാന ആകർഷണങ്ങൾ.

# സ്കിപ്പർ ലിമിറ്റഡിന്റെ ആദ്യപാദ വരുമാനം റെക്കോഡ് ഉയരത്തിൽ

**കൊച്ചി:** സ്കിപ്പർ ലിമിറ്റഡിന്റെ 2026-27 സാമ്പത്തിക വർഷത്തെ ആദ്യപാദ വരുമാനം 4.5 ശതമാനം ഉയർന്ന് 1,309.8 കോടി രൂപയിലെത്തി. കമ്പനിയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ആദ്യപാദ വരുമാനമാണിത്. അറ്റാദായം 26.5 ശതമാനം വർധിച്ച് 56.5 കോടി രൂപയായി. ഇബിഐടിഡിഎ 10.2 ശതമാനം ഉയർന്ന് 140.1 കോടി രൂപയിലെത്തി.

ജൂൺ 2026ലെ കണക്കനുസരിച്ച് കമ്പനിയുടെ ഓർഡർ ബുക്ക് 9,216.6 കോടി രൂപയായി, മാർച്ച് 2026നെ അപേക്ഷിച്ച് 8.4 ശതമാനം വർധന. ആദ്യ പാദത്തിൽ 1,674.4 കോടി രൂപയുടെ പുതിയ ഓർഡറുകളും ലഭിച്ചു. മഹാരാഷ്ട്രയിൽ 765 കെവി ട്രാൻസ്മിഷൻ ലൈൻ പദ്ധതികൾ ഉൾപ്പെടെയാണ് പുതിയ ഓർഡറുകൾ. 3,500 കോടി രൂപയിലധികമാണ് കമ്പനിയുടെ ബിഡ്ഡിംഗ് പൈപ്പ്ലൈൻ.

കമ്പനി 433.5 കോടി രൂപയുടെ പ്രിഫറൻഷ്യൽ ഇക്വിറ്റി ഇഷ്യൂവിലൂടെ സമാഹരിച്ചതായും ക്രിസിൽ ദീർഘകാല ക്രെഡിറ്റ് റേറ്റിങ് 'എ+/സ്റ്റേബിൾ' ആയി ഉയർത്തിയതായും കമ്പനി അറിയിച്ചു.

# ജോളി സിൽക്സിൽ ഓണം ഓഫറുകൾ

**കൊച്ചി:** ഓണാഘോഷങ്ങൾക്ക് മാറ്റുകൂട്ടാൻ വൈവിധ്യമാർന്ന ഓഫറുകൾ പ്രഖ്യാപിച്ച് പ്രമുഖ ടെക്സ്റ്റൈൽ കേന്ദ്രമായ ജോളി സിൽക്സ്. ജോളി സിൽക്സിന്റെ ഷോറൂമിൽനിന്നും 2000 രൂപയ്ക്ക് മുകളിൽ പർച്ചേസ് ചെയ്യുന്നവർക്ക് എൽഇഡി ടിവി, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ, സ്മാർട്ട് ഫോണുകൾ, ഗിഫ്റ്റ് വൗച്ചറുകൾ എന്നിവ സമ്മാനമായി ലഭിക്കും.

ആഴ്ചതോറും നറുക്കെടുപ്പിലൂടെ തെരെഞ്ഞെടുക്കുന്നവർക്കാണ് സമ്മാനങ്ങൾ ലഭിക്കുക. പരമ്പരാഗത കാഞ്ചീപുരം, ബനാറസ് വിവാഹ പട്ടുകളുടെ അതിവിപുല കളക്ഷനുകൾക്കു പുറമെ നിത്യോപയോഗ സാരികൾ, ട്രെൻഡി ചുരിദാർ മെറ്റീരിയലുകൾ, ഗൗൺ ലാച്ച, ടീനേജ് വെയറുകൾ, പുരുഷന്മാർക്കായി ആധുനികവും പാരമ്പരാഗതവുമായ ഡിസൈനുകൾ, കുട്ടികളുടെ ഫാഷൻ വസ്ത്രങ്ങൾ എന്നിങ്ങനെ അതിവിപുലമായ വസ്ത്രശേഖരമാണ് ഉപഭോക്താക്കൾക്കായി ജോളി സിൽക്സ് ഒരുക്കിയിട്ടുള്ളത്. കസ്റ്റമേഴ്സിന്റെ സുഗമമായ പർച്ചേസിന് ഷോറൂമുകൾ ഞായറാഴ്ചകളിലും തുറന്ന് പ്രവർത്തിക്കുമെന്ന് ജോളി സിൽക്സ് അധികൃതർ അറിയിച്ചു. ഓഫറുകൾ ഓഗസ്റ്റ് 30 വരെ ലഭിക്കും.

# ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് ഹെർ അവതരിപ്പിച്ചു

**കൊച്ചി:** സ്ത്രീകളുടെ മാറുന്ന സാമ്പത്തിക, ആരോഗ്യ, സംരക്ഷണ ആവശ്യങ്ങൾ പരിഗണിച്ച് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് 'ഐസിഐസിഐ പ്രു ഐപ്രൊട്ടക്റ്റ് സ്മാർട്ട് ഹെർ' അവതരിപ്പിച്ചു. ലൈഫ് ഇൻഷുറൻസിനൊപ്പം ആരോഗ്യ, വെൽനസ് ആനുകൂല്യങ്ങളും ഉൾപ്പെടുന്ന സമഗ്ര ടേം പ്ലാനാണിത്.

സ്ത്രീകൾക്ക് 15% ആജീവനാന്ത പ്രീമിയം കിഴിവും പ്രീമിയം അടവുകൾ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന പ്രഗ്നൻസി ബ്രേക്ക് ആനുകൂല്യവും പദ്ധതിയിൽ ലഭിക്കും. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 10 വർഷത്തേക്ക് വരുമാനം വർധിക്കുന്ന പേഔട്ട് ഓപ്ഷനും ലഭ്യമാണ്. ഇതിലൂടെ മരണാനന്തര ആനുകൂല്യം നോമിനിക്ക് പ്രതിവർഷം 10% വീതം വർധിക്കുന്ന വരുമാനമായി ലഭിക്കും.

സ്ത്രീകളുടെ ആരോഗ്യ ആവശ്യങ്ങൾക്കായി വിവിധ സ്പെഷ്യാലിറ്റികളിലെ ടെലി കൺസൾട്ടേഷൻ, വാർഷിക ആരോഗ്യ പരിശോധന, ആരോഗ്യ അപകടസാധ്യത വിലയിരുത്തൽ, വെൽനസ് കണ്ടന്റ്, ഫാർമസി, ഡയഗ്നോസ്റ്റിക് ഡിസ്കൗണ്ടുകൾ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. ആകെ 92,100 രൂപ വരെയുള്ള ആനുകൂല്യങ്ങളിൽ 25,000 രൂപ വരെയുള്ള പ്രത്യേക ആരോഗ്യവെൽനസ് ആനുകൂല്യങ്ങളും ഉൾപ്പെടുന്നു.